**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 2

02-03-2020 ൽ മറുപടിയ്ക്ക്

# ജലയാനങ്ങളുടെ രജിസ്ട്രേഷനും സുരക്ഷാ സംവിധാനങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ജെ. മാക്സി :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ.സുരേഷ് കുറുപ്പ് :<br>ശ്രീമതി യു. പ്രതിഭ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ഹൗസ് ബോട്ടിന് തീപിടിച്ചതിന്റെയും ബോട്ടപകടങ്ങളുടെയും പശ്ചാത്തലത്തിൽ നടത്തിയ പരിശോധനയിൽ രജിസ്ട്രേഷൻ ഇല്ലാത്ത ഉല്ലാസയാനങ്ങൾ കണ്ടെത്തിയിരുന്നോ ; | (എ) കണ്ടെത്തിയിരുന്നു. 23/01/2020-ൽ വേമ്പനാട്ടു കായലിൽ ഹൗസ്ബോട്ട് തീപിടിച്ച് നശിച്ചതിനുശേഷം 27/01/2020, 28/01/2020 എന്നീ തീയതികളിൽ മാരിടൈം ബോർഡ് നടത്തിയ മിന്നൽ പരിശോധനകളിൽ 8 ഹൗസ് ബോട്ടുകൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചതായി കണ്ടെത്തിയിരുന്നു. |
| (ബി) ഉല്ലാസയാനങ്ങൾ ഉൾപ്പെടെ എല്ലാ ജലയാനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനും കാലാകാലങ്ങളിൽ അവയുടെ സർവ്വേ നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കർശന നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ ; | (ബി) സ്വീകരിക്കുന്നതാണ്. ആലപ്പുഴയിലുണ്ടായ രണ്ട് അപകടങ്ങളുടെ പശ്ചാത്തലത്തിൽ രജിസ്റ്ററിംഗ് അതോറിറ്റിയേയും ആലപ്പുഴ പോർട്ട് ഓഫീസറേയും ടി സ്ഥാനങ്ങളിൽ നിന്ന് മാറ്റാൻ മാരിടൈം ബോർഡിന് 14-02-2020 തീയതിയിലെ സ.ഉ.(സാധാ)നം.82/2020/മതുവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖ വകുപ്പിന് മാത്രമായി നടപ്പാക്കാൻ കഴിയാത്തതിനാൽ പോലീസ്, റവന്യൂ ഉൾനാടൻ ജലഗതാഗതം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷനുകൾ നടത്താൻ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം |

നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാരകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം 20 ദിവസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും മാരിടൈം ബോർഡിന് നിർദ്ദേശം നൽകി. ഉൾനാടൻ ജലഗതാഗത യാനങ്ങളുടെ രജിസ്ട്രേഷനു വേണ്ടിയുള്ള വെബ്സൈറ്റ് ഒരു മാസത്തിനുള്ളിൽ ലോഞ്ച് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക, മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയതുപോലെ ഹൗസ്ബോട്ടുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക, ഹൗസ്ബോട്ട് ഉടമകൾക്കും തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുക, രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ മാത്രം യാത്ര നടത്തുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഒരു മീഡിയ ക്യാമ്പെയിൻ നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ഹൗസ് ബോട്ടുകളുടെയും ഉല്ലാസയാനങ്ങളുടെയും വെയ്സ്റ്റ് ഡിസ്പോസലിന് ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ ഭരണകൂടവുമായും, ടൂറിസം വകുപ്പുമായും, മലിനീകരണ നിയന്ത്രണ ബോർഡുമായും ചർച്ച നടത്തി ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ CrPC യിലെ വകുപ്പുകൾ പ്രകാരം ബോട്ടുടമകൾക്കെതിരെ കേസെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ്

മേധാവിയുമായി ചർച്ച നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്താത്ത 299 വെസലുകൾക്ക് (2020 ജനുവരി മാസം വരെ) സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. 'KIV Rules Registration System' (KRS) 2020 മാർച്ച് 15 - ഓടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ജി.പി.എസ് ട്രാക്കിങ്ങ് സംവിധാനത്തോടുകൂടിയ [Houseboat Information Tracking System (HITS)] ഹോളോഗ്രാഫിക് രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകൾ ജലയാനങ്ങൾക്ക് 3 മാസത്തിനുള്ളിൽ നിർമ്മിച്ച് നൽകുന്നതാണ്. അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാന്റ് വെസ്സൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

| | |
|---|---|
| (സി) യാത്രാബോട്ടുകൾക്കും ഉല്ലാസബോട്ടുകൾക്കും ഏർപ്പെടുത്തിയിരിക്കേണ്ട സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയാണ്; അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ ? | (സി) എല്ലാ യാത്രാബോട്ടുകളിലും ഉല്ലാസയാനങ്ങളിലും ജീവൻരക്ഷ / അഗ്നിശമന ഉപകരണങ്ങളും നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ടുകൾക്ക് മാത്രമാണ് രജിസ്ട്രേഷനും സർവ്വേ സർട്ടിഫിക്കറ്റും നൽകുന്നത്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് ബോധവൽക്കരണം നൽകുന്നതിന് 4 ദിവസത്തെ പരിശീലനപരിപാടി നടത്തിവരുന്നു. സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ